LIBRARY ARCHIVES Kerala Legislative Assembly

**ജനിതകവിത്തുകളെ സംബന്ധിച്ച കേന്ദ്രനയം**

**202 (5612)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനിതകവിത്തുകളെ സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ കാർഷിക നയം കേരളത്തിലെ കാർഷിക മേഖലയെ എങ്ങനെ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നയം കാരണം കേരളത്തിലെ കാർഷിക മേഖലയ്ക്കുണ്ടാകുന്ന ഭവിഷ്യത്തുകളെ സംബന്ധിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ നയം സംസ്ഥാനത്തെ തനത് വിളകളുടെ നില നിൽപ്പിനെ ബാധിക്കുവാൻ സാദ്ധ്യതയുണ്ട്. കേരളത്തിന്റെ ജൈവ വൈവിദ്ധ്യത്തേയും ജൈവ കാർഷിക മേഖലയേയും ബാധിക്കും. ജനിതക മാറ്റം വരുത്തിയ വിത്തുകൾ സംസ്ഥാനത്ത് കൃഷി ചെയ്യുവാൻ അനുവദിക്കേണ്ടതില്ല എന്നുള്ളതാണ് സർക്കാർ നയം. ഇത് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുമുണ്ട്.

**നെൽകൃഷി വികസിപ്പിക്കുന്ന പദ്ധതിക്ക് അടിസ്ഥാന സൗകര്യം**

**203 (5613)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി വികസിപ്പിക്കുന്ന പദ്ധതിക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 2009-10 ബഡ്ജറ്റ് പ്രസംഗത്തിൽ തുക വകയിരുത്തിയിരുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ അനുവാദം ലഭിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ഏതെല്ലാം സ്ഥലങ്ങളിൽ ആരംഭിച്ചുവെന്നും ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2009-10-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ തൃശ്ശൂർ കോൾ, പൊന്നാനി കോൾ, കോഴിക്കോട് മേപ്പയൂർ, കണ്ണൂർ കാട്ടാമ്പള്ളി, വയനാട് കബനി, എറണാകുളം പൊക്കാളി എന്നിവിടങ്ങളിലെ നെൽകൃഷി വികസനത്തിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട് എന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി&സി) തൃശ്ശൂർ കോൾ, പൊന്നാനി കോൾ, കോഴിക്കോട് മേപ്പയൂർ, കണ്ണൂർ കാട്ടാമ്പള്ളി, വയനാട് കബനി, എറണാകുളം പൊക്കാളി എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 20 കോടി രൂപ ഭരണാനുമതിക്കായി വകയിരുത്തുന്നു എന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ